# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 416
29-11-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക**

| **ചോദ്യം**<br>**ശ്രീ. റോജി എം. ജോൺ** | **മറുപടി**<br>**ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| എ) സർക്കാർ ജീവനക്കാരുടെ സാലറി ചലഞ്ചിലൂടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര കോടി രൂപ ലഭിച്ചു; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൗണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.<br><br>പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |
| ബി) സർക്കാർ ജീവനക്കാരിൽ എത്ര ശതമാനം പേരാണ് സാലറി ചലഞ്ചിൽ പങ്കാളികളായത്; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു(57.33%).<br><br>സെപ്റ്റംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്. |

| | |
|---|---|
| സി) സാലറി ചലഞ്ചിന്റെ ഭാഗമായി സർക്കാർ പ്രതീക്ഷിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു; | സാലറി ചലഞ്ചിന്റെ ഭാഗമായി 2200-കോടിയോളം രൂപ ലഭ്യമാകുമെന്നാണ് സർക്കാർ പ്രതീക്ഷിച്ചത്. |
| ഡി) സമ്മതപത്രം നൽകുന്നവരിൽ നിന്ന് മാത്രമേ ശമ്പളം പിടിക്കാവൂ എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സമ്മതപത്രം വാങ്ങി തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കുലർ നം. 99/2018/ധന തീയതി 31/10/2018 പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരിൽ നിന്നും സമ്മതപത്രം വാങ്ങിയാണ് തുക ഈടാക്കുന്നത്. |
| ഇ) സാലറി ചലഞ്ചിന്റെ ഭാഗമായി പുറപ്പെടുവിച്ച ഉത്തരവുകൾ ജീവനക്കാരെ പല തട്ടിലാക്കുകയും അവർക്കിടയിൽ കടുത്ത വിഭാഗീയത സൃഷ്ടിക്കുകയും ചെയ്തതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; | സർക്കാരിന്റെ ഭാഗത്ത് നിന്നും സാലറി ചലഞ്ചിൽ പങ്കാളികളാകുന്നതിന് യാതൊരു വിധത്തിലുള്ള നിർബന്ധവും ഉണ്ടായിട്ടില്ല. |
| എഫ്) ഭാവിയിൽ ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുമായി ചർച്ചനടത്തിയും ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഇത്തരം കാര്യങ്ങളിൽ ജീവനക്കാരുമായി ചർച്ച നടത്തിയാണ് സർക്കാർ തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുന്നത്. |

Geetha

സെക്ഷൻ ഓഫീസർ